# Kerala Non -Resident Keralites' Welfare Board

KNRKWB

Norka Centre, II floor, Near Govt. Guest House, Thycaud P.O,
Thiruvananthapuram-695014.
Phone - +91 471 2785500, Fax: +91 471 2785501
www.pravasiwelfarefund.org, e-mail: info@pravasiwelfarefund.org


17.01.2020

## താല്പര്യപത്രം ക്ഷണിക്കുന്നു

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് കേരള നിയമസഭ പാസാക്കിയിട്ടുള്ള 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് അനുസരിച്ച് രൂപീകരിച്ച് പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്ന സർക്കാർ സ്ഥാപനമാണ്. 2009- ലെ പ്രവാസി കേരളീയരുടെ ക്ഷേമപദ്ധതി നടത്തിപ്പിലാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ചുമതല. ബോർഡിൽ നിലവിലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയിലേക്കുള്ള അംഗത്വം, അംശദായ അടവ്, പെൻഷൻ, 60 വയസ് കഴിഞ്ഞവർക്കും പദ്ധതിയിലേക്കുള്ള അംഗത്വം ഇവ സംബന്ധിച്ച ശാസ്ത്രീയമായ ഒരു പഠനം ആവശ്യമാണെന്ന് ബോർഡ് വിലയിരുത്തിയിരുന്നു. നിലവിൽ 18 വയസ് മുതൽ 60 വയസുവരെയുള്ള പ്രവാസി കേരളീയർക്കാണ് ക്ഷേമപദ്ധതിയിൽ അംഗമാകാൻ സാധിക്കുന്നത്. അംഗത്തിന് 60 വയസു പൂർത്തിയാവുമ്പോൾ മുതൽ 2000 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ നൽകി വരുന്നു. തുടർച്ചയായി അഞ്ചുവർഷമെങ്കിലും അംശദായം അടയ്ക്കുന്നവർക്കാണ് 2000 രൂപ പെൻഷന് അർഹയുള്ളത്. ഇപ്രകാരം 18 വയസിൽ അംഗത്വമെടുക്കുന്നവർക്ക് 42 വർഷം അംശദായം അടയ്ക്കുമ്പോൾ അഞ്ചുർഷത്തിൽ കൂടുതലുള്ള ഓരോ വർഷത്തിനും പെൻഷൻ തുകയുടെ 3% അധികപെൻഷൻ അനുവദിക്കുന്നുണ്ടെങ്കിലും ആനുപാതികമായ നിലയിൽ പെൻഷൻ ഇപ്പോൾ ലഭിക്കുന്നില്ല എന്ന ആക്ഷേപമുണ്ട്. എന്നാൽ 55 വയസുമുതൽ അംഗമാകുന്നവർക്ക് 5 വർഷം തുടർച്ചയായി നിശ്ചിത അംശദായം അടച്ച് പൂർത്തിയാക്കിയാൽ 2000 രൂപ പെൻഷന് അർഹത നേടുന്നു. ഇത്തരം അസമാനതകളെ കുറിച്ച് പഠനം നടത്തി ശാസ്ത്രീയമായ രീതിയിൽ പെൻഷൻ നിശ്ചയിക്കേതുണ്ട്. കൂടാതെ നിലവിലുള്ള പ്രകാരം പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുമ്പോൾ ബോർഡിനു ഭാവിയിലുണ്ടാകാവുന്ന ബാധ്യതകളെ കുറിച്ചും പഠനം നടത്തി ആവശ്യമായ വീഹിതം കണക്കുകളിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്ന് ആഡിറ്ററും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്രകാരം ഒരു പഠനം നടത്താൻ ഈ രംഗത്ത് പ്രാഗത്ഭ്യമുള്ള ഒരു ഏജൻസിയെ നിയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട്. മേൽ വിഷയങ്ങൾ സംബന്ധിച്ച് ഒരു ശാസ്ത്രീയ പഠനം നടത്തുന്നതിന് അനുയോജ്യമായ ഏജൻസികളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുന്നു. ഈ മേഖലയിലുള്ള മുൻപരിചയം, യോഗ്യതകൾ, മറ്റ് പ്രവർത്തന പരിചയം, പ്രതീക്ഷിക്കുന്ന പ്രതിഫലം എന്നിവ ഉൾപ്പെടുത്തിയ താല്പര്യപത്രം ഒരു മാസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിശദാംശങ്ങൾ ആവശ്യമെങ്കിൽ പ്രവർത്തി സമയങ്ങളിൽ ബോർഡിന്റെ ഓഫീസിൽ നിന്നും ലഭ്യമാണ്.

വിശ്വസ്തതയോടെ,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ